മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560
ഫോൺ:0481–2733512

വാർത്താക്കുറിപ്പ്

**2023 ജൂൺ 1**

---

## ഖേലോ ഇന്ത്യ അന്തർ സർവകലാശാലാ ഗെയിംസ്; അത് ലറ്റിക്സ് കിരീടം എം.ജി. സർവകലാശാലയ്ക്ക്

മൂന്നാമത് ഖേലോ ഇന്ത്യ അന്തർ സർവകലാശാലാ ഗെയിംസിന്റെ അത്‌ലറ്റിക്സ് വിഭാഗത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഓവറോൾ കിരീടം. ഉത്തർ പ്രദേശിലെ ലഖ്നോ, വാരണാസി, ഗ്രേറ്റർ നോയിഡ, ഖരക്പൂർ എന്നിവിടങ്ങളിലായി മെയ് 25 ന് ആരംഭിച്ച ഗെയിംസിൽ 89 പോയിന്റു നേടിയാണ് എം.ജി. സർവകലാശാല അത്‌ലറ്റിക്സിൽ കരുത്തു കാട്ടിയത്. മംഗലുരു സർവകലാശാലയും ശിവജി സർവകലാശാലയുമാണ് യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

പുരുഷ വിഭാഗത്തിൽ 49 പോയിന്റോടെ അത്‌ലറ്റിക്സ് ചാമ്പ്യൻമാരായ എം.ജി സർവകലാശാല വനിതാ വിഭാഗത്തിൽ 40 പോയിന്റോടെ രണ്ടാം സ്ഥാനം നേടി.

ആകാശ് എം. വർഗീസ്(ട്രിപ്പിൾ ജംപ്), കെ.എം. ശ്രീകാന്ത്(ലോംഗ് ജംപ്), എം. അനൂപ് (400 മീറ്റർ ഹർഡിൽസ്), എ.കെ. സിദ്ധാർത്ഥ്(പോൾ വോൾട്ട്), ആനന്ദ് കൃഷ്ണ(5000 മീറ്റർ), എന്നിവരാണ് വ്യക്തിഗത ഇനങ്ങളിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു വേണ്ടി സ്വർണം നേടിയത്. വനിതകളുടെ 4X100 മീറ്റർ റിലേയിൽ സോഫി സണ്ണി, അഖിന ബാബു, എ.എസ്. സാന്ദ്ര, വി.എസ്. ഭാവി എന്നിവരുൾപ്പെട്ട ടീമും വനിതകളുടെ 4X400 മീറ്റർ റിലേയിൽ കെ.ടി. എമിലി, റോഷ്മി ചാക്കോ, ബിസ്മി ജോസഫ്, കെ. സ്നേഹ എന്നിവരുൾപ്പെട്ട ടീമും സ്വർണം നേടി.
4X400 മീറ്റർ മിക്സഡ് റിലേയിൽ എം.എസ്. അനന്തുമോൻ, അരുൺജിത്ത്, കെ.ടി. എമിലി, കെ. സ്നേഹ എന്നിവരടങ്ങിയ ടീം വെള്ളി നേടി. 20 കിലോമീറ്റർ നടത്തത്തിൽ ബിലിൻ ജോർജും 800 മീറ്ററിൽ എം.എസ്. അനന്ദുമോനും വെങ്കല മെഡലിന് അർഹരായി.

ഗെയിംസ് മത്സരങ്ങൾ ഇന്ന് അവസാനിക്കാനിരിക്കെ എട്ട് സ്വർണവും ഒരു വെ

ളളിയും അഞ്ചു വെങ്കലവും ഉൾപ്പെടെ നിലവിൽ  മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ് എം.ജി.

രാജ്യത്തെ 205 സർവകലാശാലകളിൽനിന്നുള്ള നാലായിരത്തോളം കായിക താര ങ്ങളാണ് 21 ഇനങ്ങളിലായി ഖേലോ ഇന്ത്യ അന്തർ സർവകലാശാലാ ഗെയിം സിൽ മാറ്റുരയ്ക്കുന്നത്.

ഫോട്ടോ ക്യാപ്ഷൻ...

KHELO INDIA MGU MEN

*ഖേലോ ഇന്ത്യ അന്തർ സർവകലാശാലാ ഗെയിംസിൽ അത്‌ലറ്റിക്സിൽ പുരുഷ വിഭാഗം ഓവറോൾ ചാമ്പ്യൻമാരായ മഹാത്മാ ഗാന്ധി സർവകലാശാലാ ടീം ലഖ്നോവിൽ നടന്ന സമ്മാനദാനച്ചടങ്ങിൽ ഉത്തർപ്രദേശ് കായികമന്ത്രി ഗിരീഷ് യാദവിനൊപ്പം. യു.പി. അഡീഷണൽ ചീഫ് സെക്രട്ടറി നവ്നീത് സെഗാൾ, കായിക വകുപ്പ് ഡയറ്കടർ ഡോ. ആർ.പി. സിംഗ്, മഹാത്മാ ഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഫിസിക്കൻ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് ഡയറക്ടർ ഡോ. ബിനു ജോർജ്, അത്‌ലറ്റിക്സ് പരിശീലകൻ റോഷൻ ഐകസ് ജോൺ എന്നിവർ സമീപം.*

KHELO INDIA MGU WOMEN

*ഖേലോ ഇന്ത്യ അന്തർ സർവകലാശാലാ ഗെയിംസിൽ അത്‌ലറ്റിക്സിൽ വനിതാ വിഭാഗത്തിൽ രണ്ടാം സ്ഥാനക്കാരായ മഹാത്മാ ഗാന്ധി സർവകലാശാലാ ടീം ലഖ്നോവിൽ നടന്ന സമ്മാനദാനച്ചടങ്ങിൽ ഉത്തർപ്രദേശ് കായികമന്ത്രി ഗിരീഷ് യാദവിനൊപ്പം.യു.പി. അഡീഷണൽ ചീഫ് സെക്രട്ടറി നവ്നീത് സെഗാൾ, കായിക വകുപ്പ് ഡയറ്കടർ ഡോ. ആർ.പി. സിംഗ്, മഹാത്മാ ഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഫിസിക്കൻ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് ഡയറക്ടർ ഡോ. ബിനു ജോർജ്, അത്‌ലറ്റിക്സ് പരിശീലകൻ റോഷൻ ഐകസ് ജോൺ എന്നിവർ സമീപം.*

(പി.ആർ.ഒ/39/588/2023)

## എം.ജി. ബിരുദാനന്തര ബിരുദം ;
## ഏകജാലക പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാം

എം ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് ഏകജാലക പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. https://cap.mgu.ac.in മുഖേനയാണ് അപേക്ഷ സ്വീകരിക്കുന്നത്.

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ് സീറ്റുകളിലേക്കും ഇത്തവണ മുതൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. സർവകലാശാലയാണ് അലോട്ട്മെൻറ് നടത്തുക. കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർക്ക് സ്വന്തം കമ്മ്യൂണിറ്റിയിൽപ്പെട്ട എയ്ഡഡ് കോളേജുകളിൽ മാത്രമേ അപേക്ഷിക്കാൻ കഴിയൂ.

മാനേജ്മെൻറ് ക്വാട്ടാ പ്രവേശനത്തിന് അപേക്ഷകർ കോളേജുകളുമായി ബന്ധപ്പെട്ട് ഓൺലൈൻ ക്യാപ്പ് അപേക്ഷാ നമ്പർ നൽകണം. ക്യാപ്പിൽ കൂടിയല്ലാതെ മാനേജ്മെൻറ് ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ കഴിയില്ല.

സ്പോർട്സ്,ഭിന്നശേഷി ക്വാട്ടയിലേക്കും ഓൺലൈനിൽ അപേക്ഷ നൽകണം. അപേക്ഷകർ സംവരണാനുകൂല്യത്തിനുള്ള സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പ് അപ് ലോഡ് ചെയ്യണം.
പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ടവർ ജാതി സർട്ടിഫിക്കറ്റും എസ്.ഇ.ബി.സി,ഒ.ഇ.സി വിഭാഗങ്ങളിൽപെട്ടവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഇ.ഡബ്ള്യൂ.എസ് വിഭാഗം സംവരണാനുകൂല്യത്തിന് അർഹരായവർ റവന്യു അധികാരിയിൽ നിന്നുമുള്ള ഇൻകം ആൻഡ് അസറ്റ്സ് സർട്ടിഫിക്കറ്റും അപ് ലോഡ് ചെയ്യണം.

എൻ.സി.സി, എൻ.എസ്.എസ് ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ ബിരുദ തലത്തിലെ സാക്ഷ്യപത്രമാണ് ഹാജരാക്കേണ്ടത്. വിമുക്തഭടൻമാരുടെയും ജവാൻമാരുടെയും ആശ്രിതർ ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസറുടെ സാക്ഷ്യപത്രം സമർപ്പിക്കണം. ഇതിന് ആർമി,നേവി,എയർ ഫോഴ്സ് വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.

വിവിധ പ്രോഗ്രാമുകളിലേക്ക് കോളജുകളിൽ അടയ്ക്കേണ്ട ഫീസിൻറെ വിവരങ്ങൾ വെബ്സൈറ്റിലുണ്ട്. പൊതു വിഭാഗത്തിന് 1300 രൂപയും പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് 650 രൂപയുമാണ് ആപ്ലിക്കേഷൻ ഫീസ്.

ഓൺലൈൻ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 0481–2733511,0481–2733521,0481–2733518 എന്നീ നമ്പറുകളിലോ pgcap@mgu.ac.in എന്ന ഇ.മെയിൽ വിലാസത്തിലോ ബന്ധപ്പെടണം.
(പി.ആർ.ഒ/39/589/2023)

## ബിരുദ ഏകജാലകം; ഓൺലൈനിൽ വിവരങ്ങൾ കൃത്യമായി ചേർക്കണം

എം ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിലേക്ക് ഓൺലൈനിൽ

അപേക്ഷിക്കുന്നതിന് അക്കൗണ്ട് ക്രിയേറ്റ് ചെയ്യുന്പോൾ വിദ്യാർഥികൾ വിവരങ്ങൾ കൃത്യമായി നൽകണം.

പട്ടികജാതി–പട്ടിക വർഗ വിഭാഗങ്ങളിൽൽപ്പെട്ടവർ മാത്രമേ എസ്.സി/ എസ്.ടി എന്ന ഓപ്ഷൻ സെലക്ട് ചെയ്യാവൂ. മറ്റുള്ള എല്ലാ വിഭാഗങ്ങളിലുള്ളവരും അതേഴ്സ് എന്ന ഓപ്ഷനാണ് നൽകേണ്ടത്.

അപേക്ഷകൻറെ പേര് , ആധാർ നന്പർ, പരീക്ഷാ ബോർഡ് എന്നിവയും കൃത്യമായി എൻറർ ചെയ്യണം. ഇവയിൽ വരുന്ന പിശകുകൾ തിരുത്താൻ കഴിയില്ല. ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 12 ന് അവസാനിക്കും.
(പി.ആർ.ഒ/39/590/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി എസ് സി ഇലക്ട്രോണിക്സ്(മോഡൽ 3) കമ്പ്യൂട്ടർ മെയ്ൻറനൻസ് ആൻഡ് ഇലക്ട്രോണിക്സ് സി.ബി.സി.എസ് പരീക്ഷയുടെ (ഏപ്രിൽ 2023, 2020 അഡ്മിഷൻ വിദ്യാർഥികൾക്കു മാത്രം ഉള്ള സ്പെഷ്യൽ സപ്ളിമൻററി) പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ ഒൻപതു മുതൽ ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസിൽ നടക്കും.വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/591/2023)

## പ്രോജക്ട് വൈവ

നാലാം വർഷ ബി.എസ്.സി.എം.ആർ.ടി (2008 മുതൽ 2015 വരെ അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്– മെയ് 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ പരീക്ഷകൾ നാളെ (ജൂൺ 3) ആരംഭിക്കും.
(പി.ആർ.ഒ/39/592/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**